# 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 സെപ്റ്റംബർ 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റിലെ (2005-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ, "പതിനേഴ് ലക്ഷം രൂപ" എന്ന വാക്കുകൾക്കുപകരം "അൻപതു ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (ബി) ഖണ്ഡത്തിൽ, "ഏഴ് ലക്ഷം രൂപ" എന്ന വാക്കുകൾക്കുപകരം "ഇരുപത്തിയഞ്ചു ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

614/2011.

3. 10-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പ് (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(5) (1) മുതൽ (3) വരെ ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അന്യസംസ്ഥാനത്തിനോ കേന്ദ്രഭരണപ്രദേശത്തിനോ ഭാരത സർക്കാരുമായി ഉഭയകക്ഷി കരാറിലോ ഉടമ്പടിയിലോ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും രാജ്യത്തിനോവേണ്ടി സംഘടിപ്പിക്കുകയോ നടത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന ഒരു ലോട്ടറിയുടെ സംഗതിയിൽ, 1998-ലെ ലോട്ടറീസ് റഗുലേഷൻ ആക്റ്റിലെയും (1998-ലെ 17-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്നുള്ള അതാത് സംസ്ഥാന സർക്കാർ അഥവാ കേന്ദ്രഭരണപ്രദേശം അഥവാ രാജ്യം നൽകുന്ന ഒരു സർട്ടിഫിക്കറ്റും അതാത് സർക്കാരുകൾ നൽകുന്ന താഴെപ്പറയുന്ന വിശദാംശങ്ങളും സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടാൽ മാത്രമേ അപേക്ഷ സമർപ്പിക്കുന്ന പ്രൊമോട്ടർമാരിൽനിന്നോ അവർക്കുവേണ്ടിയോ മുൻകൂർ നികുതി സ്വീകരിക്കുവാൻ പാടുള്ളൂ :—

(i) ഭാഗ്യക്കുറിയുടെ പേര് ;

(ii) ഭാഗ്യക്കുറി ടിക്കറ്റിന്റെ വില ;

(iii) എത്ര ടിക്കറ്റുകളാണ് പ്രിന്റ് ചെയ്യപ്പെട്ടത് ;

(iv) പ്രിന്റ് ചെയ്യുന്ന പ്രസ്സിന്റെ വിശദാംശങ്ങൾ ;

(v) പ്രിന്റ് ചെയ്യുന്ന ടിക്കറ്റുകളുടെ മൊത്തം മൂല്യം ;

(vi) സംസ്ഥാന സർക്കാരിന്റെ വിൽപ്പന ഏജന്റുമാർ, വിതരണക്കാർ, പ്രൊമോട്ടർമാർ എന്നിവരുടെ വിലാസം ;

(vii) സമ്മാന ഘടന ;

(viii) സമ്മാനത്തുകയായി പ്രഖ്യാപിക്കുന്ന തുക ;

(ix) നറുക്കെടുപ്പുകളുടെ ഇടവേള ;

(x) നറുക്കെടുപ്പ് നടത്തുന്ന സ്ഥലം ;

(xi) നറുക്കെടുപ്പിനായി അവലംബിക്കുന്ന രീതി.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ഓർഡിനൻസ് (2011-ലെ 29) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.